# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in & kauagmet@yahoo.co.in

പരീക്ഷണാടിസ്ഥാന ബ്ലോക്ക് തല കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

## ചാലക്കുടി ബ്ലോക്ക്, തൃശ്ശൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 25/2018(50), വെള്ളിയാഴ്ച — തീയ്യതി 22.06.2018

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 23.06.2018 | 24.06.2018 | 25.06.2018 | 26.06.2018 | 27.06.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 23 | 5 | 2 | 4 |
| ഉയർന്ന താപനില (°C) | 28 | 28 | 28 | 28 | 28 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 8 | 8 | 8 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 015 | 015 | 015 | 015 | 015 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |
| അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരിയിൽ കുറവ് മഴ ലഭിക്കും.<br>അടുത്ത ആഴ്ച്ച ചാലക്കുടി ബ്ലോക്കിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. | | | | | |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | പിണ്ടിപ്പുഴു | വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ 1.5 മി.ലി ക്ലോർപൈറിഫോസ് അല്ലെങ്കിൽ 2 മി.ലി ക്യുനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ ഇലക്കവിളുകളിലു, ദ്വാരങ്ങളിലും, കട വശത്തു, മണ്ണിലും നല്ല വിധം ഇറങ്ങിചെല്ലത്തക്കവിധം തളിച്ചോ, ഒഴിച്ചോ കൊടുക്കാവുന്നതാണ്. |
| തെങ്ങ് | കൂമ്പുചീയൽ | തുടർച്ചയായ മഴ മൂലം, മണ്ട ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് (5 ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കൂമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം. |
| പച്ചക്കറികൾ (പയർ) | ഫ്യൂസേരിയം മൂലമുള്ള വാട്ട രോഗം | തുടർച്ചയായ മഴയും, വെള്ളക്കെട്ടും മൂലം പയറിൽ ഫ്യൂസേരിയം മൂലമുള്ള വാട്ട രോഗം കാണാനിടയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ 2 മി.ലി. കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്ക വിധം 15 ദിവസം ഇടവിട്ട് മാറി മാറി ഒഴിച്ചു കൊടുക്കാവുന്നതാണ്. പൂർണ്ണമായും രോഗം ബാധിച്ച ചെടികൾ പറിച്ചു മാറ്റി നശിപ്പിക്കുകയും, തടത്തിൽ ഒരു നുള്ള് ബ്ലീച്ചിങ്ങ് പൗഡർ ചേർക്കേണ്ടതുമാണ്. |
| മൃഗസംരക്ഷണം | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ കന്നുകാലികളെ മേയാൻ വിടുന്ന കർഷകർ എലിപ്പനിക്കെതിരെ ജാഗ്രത പുലർത്തണം. കുളമ്പുരോഗത്തിനും കുരലടപ്പനുമുള്ള പ്രതിരോധ കുത്തിവെയ്പ്പുകൾക്കായി അടുത്ത മൃഗാശുപത്രിയുമായി ബന്ധപ്പെടുക. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | |